പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2255 18.12.2012 -ലെ മറുപടി

വയനാട് ജില്ലയിലേക്കുള്ള യാത്രാ പ്രശ്നം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. കെ. വിജയൻ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | നാദാപുരം മണ്ഡലത്തിലെ തൊട്ടിൽപാലം ഡിപ്പോയിൽ നിന്നും വയനാട് ജില്ലയിലേക്കുള്ള യാത്രാ ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | നാദാപുരം മണ്ഡലത്തിലെ തൊട്ടിൽപാലം ഡിപ്പോയിൽ നിന്നും വയനാട് ജില്ലയിലെ വിവിധ സ്ഥലങ്ങളിലേയ്ക്ക് 17 ഷെഡ്യൂളുകളിലായി 21 ട്രിപ്പുകൾ നടത്തുന്നുണ്ട്. നിലവിലുള്ള യാത്രാവശ്യം പരിഹരിക്കുന്നതിന് ഇവ പര്യാപ്തമല്ല എന്ന് കരുതുന്നു. |
| (ബി) | എങ്കിൽ അത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | ബസ്സിന്റെയും ജീവനക്കാരുടെയും കുറവ് അനുഭവപ്പെടുന്നതിനാൽ പുതിയ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം ലഭ്യതയനുസരിച്ച് പരിഗണിക്കുന്നതാണ്. |
| (സി) | ഈ റൂട്ടിലെ യാത്രക്കാരുടെ സുരക്ഷിതത്വം കണക്കിലെടുത്ത് പുതിയ ബസ്സുകൾ അനുവദിക്കുമോ? | (സി) | തൊട്ടിൽപ്പാലം ഡിപ്പോയിൽ 43 ബസ്സുകളാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ ഏറ്റവും പഴക്കം ചെന്ന ബസ് 13 കൊല്ലം പഴക്കമുള്ളതാണ്. സുരക്ഷിതമായി നിരത്തിലോടുവാൻ മോട്ടോർ വാഹന നിയമം 15 വർഷത്തേയ്ക്കാണ് അനുവദിച്ചിട്ടുള്ളത്. അതിൽ കൂടുതൽ പ്രായം ചെന്ന ബസ്സുകൾ ഒന്നുംതന്നെ പ്രസ്തുത ഡിപ്പോയിൽ ഇല്ല. |

Geethakumari

സെക്ഷൻ ഓഫീസർ